REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 25-11-2026 സമയം 06.45 AM

പ്രധാന വാർത്തകൾ

- ആഗോള അസ്ഥിരതയും സാമ്പത്തിക പ്രതിസന്ധിയും നിലനിൽക്കുമ്പോഴും ഇന്ത്യ പുരോഗതിയിലെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
- ഈ മാസത്തെ ക്ഷേമപെൻഷൻ വിതരണം ഇന്ന് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
- ആരോഗ്യമേഖലയുടെ വളർച്ചയ്ക്ക് തെളിവുകളെ അടിസ്ഥാനമാക്കിയ ചികിത്സാ രീതികൾക്ക് പ്രാധാന്യമുണ്ടെന്ന് മന്ത്രി കെ. മുരളീധരൻ.
- ശബരിമലയിൽ അയ്യപ്പഭക്തർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കാൻ വിപുല സജ്ജീകരണങ്ങൾ ഒരുക്കി ആരോഗ്യവകുപ്പ്.
- പ്രഥമ ബിംസ്റ്റെക് അണ്ടർ-23 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഭുവനേശ്വറിൽ ഇന്ന് തുടക്കം.

വാർത്തകൾ വിശദമായി

ആഗോള അസ്ഥിരതയും സാമ്പത്തിക പ്രതിസന്ധിയും നിലനിൽക്കുമ്പോഴും രാജ്യം പുരോഗതി തുടരുന്നുവെന്നും, ഇത് 'വികസിത ഭാരതത്തിലേക്ക് സുപ്രധാന സൂചകമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. കട്ടക്കിൽ ചരിത്രപ്രസിദ്ധമായ 'ബാലി യാത്ര' ഉത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

സാമ്പത്തിക വളർച്ചയ്ക്ക് നേതൃത്വം നൽകാൻ യുവതലമുറ മുന്നോട്ടുവരണമെന്ന് ആഹ്വാനം ചെയ്ത രാഷ്ട്രപതി, 'ആത്മനിർഭർ ഭാരത്' കെട്ടിപ്പടുക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും വ്യക്തമാക്കി.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിന് മറ്റന്നാൾ കേരളത്തിൽ എത്തും. ആദിശങ്കരാചര്യരുടെ ജന്മസ്ഥലമായ കാലടി രാവിലെ രാഷ്ട്രപതി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക് പോകുന്ന ദ്രൗപദി മുർമു, വൈദ്യരത്നം ആയൂർവേദ കോളേജിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. ശനിയാഴ്ച കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡിലും രാഷ്ട്രപതി പങ്കെടുക്കും.

രാഷ്ട്രപതിയുടെ ഏഴിമല നാവിക അക്കാദമി സന്ദർശനവുമായി ബന്ധപ്പെട്ട് ഇന്ന് മുതൽ ഈ മാസം 30 വരെ നാവിക അക്കാദമി തീരത്ത് നിന്ന് മൂന്ന് നോട്ടിക്കൽ മൈൽ വരെയും, കവ്വായി കായലിലും മീൻ പിടുത്തം പാടില്ലെന്ന് നിർദേശിച്ചിട്ടുണ്ട്. കവ്വായി ബോട്ട് ടെർമിനൽ വെള്ളി, ശനി ദിവസങ്ങളിൽ അടച്ചിടുമെന്നും കണ്ണൂർ ജില്ലാ കലക്ടർ അറിയിച്ചു,

✪✪✪

ഏഴിമല നാവിക അക്കാദമി കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയായി നാളെ അഭ്യാസപ്രകടനങ്ങളുടെ പ്രദർശനം നടത്തും. അക്കാദമി കമാൻഡന്റ് വൈസ് അഡ്മിറൽ അലോക് ആനന്ദ പങ്കെടുക്കും. മറ്റന്നാൾ ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറി ഡോ. ശ്രീനിവാസ കുമാർ തുമ്മല ക്യാഡറ്റുകൾക്ക് ബിരുദം സമ്മാനിക്കും.

✪✪✪

ഈ മാസത്തെ ക്ഷേമപെൻഷൻ വിതരണം ഇന്ന് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. ഇതിന് 1,088 കോടി 63 ലക്ഷം രൂപ അനുവദിച്ചതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ക്ഷേമപെൻഷന് 964 കോടി 41 ലക്ഷം രൂപയും ക്ഷേമനിധി ബോർഡ് പെൻഷന് 124 കോടി 22 ലക്ഷവുമാണ് അനുവദിച്ചത്.

✪✪✪

ആരോഗ്യമേഖലയുടെ വളർച്ചയ്ക്കും രോഗപ്രതിരോധത്തിനും ഗവേഷണത്തിനും തെളിവുകളെ അടിസ്ഥാനമാക്കിയ ചികിത്സാ രീതികൾക്ക് വലിയ പ്രാധാന്യമുണ്ടെന്ന് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജ് സുവർണ ജൂബിലി ആഘോഷം 'ആലോക'യുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കാൻ ആരോഗ്യവകുപ്പിന്റെ വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് മുഖ്യമന്തി വി ഡി സതീശൻ അറിയിച്ചു. പമ്പ മുതൽ സന്നിധാനം വരെയും എരുമേലി–കരിമല–പമ്പ കാനനപാതയിലുമായി ഏഴ് ആശുപത്രികളും 22 അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. വിദഗ്ധ ഡോക്ടർമാർ, കാർഡിയോളജി സെന്ററുകൾ, ഐ.സി.യു, ലാബ്, ആംബുലൻസ് സേവനം എന്നിവയുൾപ്പെടെ സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാണ്.

അടിയന്തര വൈദ്യസഹായത്തിന് പമ്പ കൺട്രോൾ റൂമിന്റെ 04735 203232 എന്ന നമ്പറിൽ ബന്ധപ്പെടാം. വിവരമറിയിച്ചാൽ പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകർ സ്ഥലത്തെത്തി സഹായം നൽകുന്നതിനും രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിനും സംവിധാനമുണ്ട്. മകരവിളക്ക് ദിവസം അധിക ആംബുലൻസുകളും ആരോഗ്യപ്രവർത്തകരുടെ സേവനവും ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

✪✪✪

സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിന് അന്താരാഷ്ട്ര ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടി ഇന്ന് തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്യും. മന്ത്രി സി.പി. ജോൺ ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ന് തിരുവനന്തപുരത്ത് വാക്കത്തോൺ സംഘടിപ്പിക്കും. വനിതാ ശിശുവികസന വകുപ്പ് സംഘടിപ്പിക്കുന്ന വാക്കത്തോൺ വൈകിട്ട് 5.30ന് കവടിയാർ വിവേകാനന്ദ പാർക്കിൽ നിന്ന് ആരംഭിക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് മറ്റന്നാൾ സംഘടിപ്പിക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കൃഷി തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ധർ പങ്കെടുക്കും.

✪✪✪

ആകാശവാണി ദേശീയ തലത്തിൽ യുവസംഗീതപ്രതിഭകളെ അണിനിരത്തി സംഘടിപ്പിക്കുന്ന 'AIR Rising Stars Season 1' സംഗീതോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം നിലയം ഒരുക്കുന്ന സംഗീത പരിപാടി നാളെ തിരുവനന്തപുരത്ത് നടത്തും. യുവസംഗീതജ്ഞനും പിന്നണി ഗായകനുമായ ഡോ. കെ. എസ്. ഹരിശങ്കർ പരിപാടി ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്

.....വോയ്സ്.....

ഈ മാസം 15 മുതൽ 30 വരെ രാജ്യത്തെ തെരഞ്ഞെടുത്ത 26 നഗരങ്ങളിൽ സംഘടിപ്പിച്ചിരിക്കുന്ന സംഗീതോത്സവത്തിന്റെ ഭാഗമായാണ് ആകാശവവാണി തിരുവനന്തപുരം നിലയത്തിന്റെ സംഗീത പരിപാടി പരിപാടി തലസ്ഥാന ജില്ലയിൽ അരങ്ങേറുന്നത്. തിരുവനന്തപുരം ഗവ. വിമൻസ് കോളേജിന്റെ സഹകരണത്തോടെയാണ് യുവസംഗീതജ്ഞരെ അണിനിരത്തി വ്യത്യസ്തമായ സംഗീതപരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

ചടങ്ങിൽ തിരുവനന്തപുരം ദൂരദർശൻ റീജിയണൽ ചാനൽ മാനേജർ കെ സുബ്രഹ്മണ്യൻ അയ്യർ, ആകാശവാണി തിരുവനന്തപുരം നിലയം റീജണൽ ചാനൽ മാനേജർ ഡോ എ ജി ബൈജു, ആകാശവാണി പ്രോഗ്രാം മേധാവി പി എ ബിജു, ദൂരദർശൻ പ്രോഗ്രാം മേധാവി അഞ്ജുഷ ജി എന്നിവർ പങ്കെടുക്കും.

തുടർന്ന് അരവിന്ദ് കൃഷ്ണനും സംഘവും അവതരിപ്പിക്കുന്ന തായമ്പക, ശ്രീജിത്ത് ജി കമ്മത്തും പി എസ് നരേന്ദ്രനും അവതരിപ്പിക്കുന്ന വേണു വയലിൻ ദ്വയം, ശ്രീലാൽ എസും അസ്ന നിസാമും പാടുന്ന ലളിതഗാനങ്ങൾ എന്നിവ നടക്കും.കൂടാതെ വമെൻസ് കോളേജിലെ കലാകാരികളുടെ വിവിധ പരിപാടികളും അരങ്ങേറും. ഇതാദ്യമായാണ് ഗ്രേഡ് നേടിയ 30 വയസ്സിൽ താഴെയുള്ള കലാകാരന്മാർക്കായി രണ്ടാഴ്ച നീണ്ടു നിൽക്കുന്ന സംഗീതസമ്മേളനം രാജ്യത്തുടനീളം ആകാശവാണി സംഘടിപ്പിക്കുന്നത്.

✪✪✪

ഗോവയിൽ 57-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ 'ക്രിയേറ്റീവ് മൈൻഡ്സ് ഓഫ് ടുമാറോ' സംരംഭത്തിന്റെ ആറാം പതിപ്പ് സമാപിച്ചു. ചലച്ചിത്ര നിർമ്മാണ രംഗത്തെ പുത്തൻ സാങ്കേതികവിദ്യകളും നൂതന ആശയങ്ങളും സമന്വയിപ്പിച്ച മത്സരത്തിൽ മോഹക് ഗാന്ധി സംവിധാനം ചെയ്ത 'വൺ ലാസ്റ്റ് സ്റ്റോപ്പ്' മികച്ച ചിത്രമായി തിരഞ്ഞെടുത്തു. അഞ്ച് ലക്ഷം രൂപയാണ് ഒന്നാം സമ്മാനം. തമന്ന താക്കൂർ സംവിധാനം ചെയ്ത 'എ ലിറ്റിൽ സംതിംഗ്' എന്ന ചിത്രത്തിനാണ് രണ്ടാം സ്ഥാനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി 'മൻ കീ ബാത്' ഈ മാസം 29-ന് ആകാശവാണിയിലും ദൂരദർശനിലും. 'മൻ കീ ബാത്തി'ലേക്ക് ആശയങ്ങളും നിർദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ വെള്ളിയാഴ്ച വരെ അറിയിക്കാം.

✪✪✪

പ്രഥമ ബിംസ്റ്റെക് അണ്ടർ-23 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. മൂന്ന് ദിവസത്തെ ട്രാക്ക് ആൻഡ് ഫീൽഡ് മത്സരങ്ങളിൽ ആറ് രാജ്യങ്ങളിൽ നിന്ന് താരങ്ങൾ പങ്കെടുക്കും. 32 മെഡൽ ഇനങ്ങളിലാണ് മത്സരം.

✪✪✪

ഭോപ്പാലിൽ വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ലീഗ് മത്സരത്തിൽ ഇന്ത്യ ചൈനയെ രണ്ടിനെതിരെ ആറു ഗോളിന് തോൽപ്പിച്ചു. ടൂർണ്ണമെന്റിൽ ഇന്ത്യയുടെ തുടർച്ചയായ നാലാം വിജയമാണിത്. ഇന്ന് വൈകിട്ട് ഏഴിന് അവസാന ഘട്ട ലീഗിൽ ഇന്ത്യ ജപ്പാനെ നേരിടും.

✪✪✪

ലക്ഷദ്വീപ് ഫുട്ബോൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന രണ്ടാമത് ദ്വീപുതല ബീച്ച് ഫുട്ബോൾ മത്സരങ്ങൾ, കവരത്തി ദ്വീപിൽ ആരംഭിച്ചു.

കവരത്തി , കൽപ്പേനി, കിൽത്താൻ അമിനി, ആന്ത്രോത്ത് എന്നി 5 ദ്വീപുകളെ പ്രതിനിധാനം ചെയ്യുന്ന ടീമുകളാണ് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ അംഗീകാരത്തോടെ ബീച്ച് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മത്സരിക്കുന്നത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ലീഗ് റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് FC, മലപ്പുറം FC-യെ നേരിടും. രാത്രി 7.30 ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഭിന്നശേഷി കുട്ടികളുടെ കാസർകോട് റവന്യൂ ജില്ലാ ഇൻക്ലൂസീവ് കലാമേളയ്ക്ക് പെരിയയിൽ തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി കാസർകോട് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.

.....വോയ്സ്.....

✪✪✪

65-ാമത് കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവം ഈ മാസം 28 മുതൽ ഡിസംബർ 3 വരെ മുക്കം M.K.H.M.M ഓർഫനേജ് സ്കൂൾ ക്യാമ്പസിൽ നടത്തും. ജില്ലയിലെ 17 വിദ്യാഭ്യാസ ഉപജില്ലകളിലെ യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ നിന്ന് പതിമൂവായിരത്തോളം വിദ്യാർഥികളാണ് കലോത്സവത്തിൽ പങ്കെടുക്കുന്നത്. .

✪✪✪

എറണാകുളം റവന്യൂ ജില്ലാ കലോത്സവം കോലഞ്ചേരിയിൽ ആരംഭിച്ചു. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് മുന്നിൽ നിന്നാരഭിച്ച വർണ്ണാഭമായ വിളംബര ഘോഷയാത്ര സെന്റ് പീറ്റേഴ്സ് എച്ച് എസ് എസിൽ സമാപിച്ചു. ബെന്നി ബഹനാൻ MP കലോത്സവം ഉദ്ഘാടനം ചെയ്തു.

✪✪✪

കണ്ണൂർ പയ്യന്നൂരിലേ സി.പി.ഐ എം. പ്രവർത്തകൻ സി.വി.ധനരാജ് വധക്കേസിൽ തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതി ഇന്ന് ശിക്ഷ വിധിക്കും. കേസിൽ മൂന്നുപേർ കുറ്റക്കാരാണെന്ന് കോടതി കഴിഞ്ഞദിവസം കണ്ടെത്തിയിരുന്നു. കേസിൽ ഉൾപ്പെട്ട 16 പേരെ കോടതി വെറുതെ വിട്ടിരുന്നു.

✪✪✪

News Editor & News Reader : വി കെ സുരേഷ്
News Team: സയ്യിദ് അലി ശിഹാബ്, രജ്ന
DEO : സി കെ സുബോധ്